തിരുനെല്ലിയിലേക്കുള്ള് കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസുകൾ

58 [1383] *ശ്രീ. കെ. മോഹൻകുമാർ:*

„ *ടി. യു. രാധാകൃഷ്ണൻ:*

„ *പി. ടി. തോമസ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ, വയനാട് ജില്ലയിലെ തിരുനെല്ലി ക്ഷേത്രത്തിലേക്ക് ഏതെല്ലാം സ്ഥലങ്ങളിൽനിന്നും കെ. എസ്. ആർ. ടി. സി. ബസ്സുകൾ സർവ്വീസ് നടത്തണമെന്ന നിവേദനങ്ങളാണ് കിട്ടിയത്;

(ബി) പ്രസ്തുത നിവേദനത്തിൽ ആവശ്യപ്പെട്ടപ്രകാരമുള്ള ബസ് സർവ്വീസ് അനുവദിച്ചുവോ;

(സി) ഇല്ലെങ്കിൽ അടിയന്തിരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം, പറശ്ശിനിക്കടവ്, ഗുരുവായൂർ എന്നീ സ്ഥലങ്ങളിൽ നിന്ന് സർവ്വീസ് നടത്തണമെന്ന നിവേദനമാണ് ലഭിച്ചത്.

(ബി) നടപടി സ്വീകരിച്ചു വരുന്നു.

(സി) തിരുനെല്ലിയിൽനിന്നും മാനന്തവാടി വരെയുള്ള 32 കി. മീ. വനപ്രദേശവും ജനവാസം കുറഞ്ഞ സ്ഥലവുമാകുന്നു. ഇക്കാരണത്താൽ നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസിൽ വളരെ വിരളമായി മാത്രമേ ഒരു ദിശയിലേക്കു പോലും ആളുകളെ കിട്ടാറുള്ളൂ. ആയതിനാൽ പുതിയ സർവ്വീസ് ആരംഭിക്കുന്നത് K. S. R. T. C. യ്ക്ക് ലാഭകരമല്ല.

ഇടുക്കി ജില്ലയിൽ ഗതാഗത വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ

59 [1384] *ശ്രീ. ഇ. എം. അഗസ്തി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗതാഗത വകുപ്പിൽനിന്നും ഇടുക്കി ജില്ലയിൽ എന്തെല്ലാം വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്താമോ;

(ബി) ഇവയിൽ പൂർത്തിയാക്കിയവ ഏതെല്ലാമെന്നും പൂർത്തീകരിക്കാനുള്ളവ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ;

(സി) ഇവയ്ക്ക് ഓരോന്നിനും ചെലവഴിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) — (ഡി) വിവരം ശേഖരിച്ചു വരുന്നു.

ഗുരുവായൂർ ഡിപ്പോയിൽനിന്നും ബസ് സർവ്വീസ്

60 [1385] *ശ്രീ. പി. കെ. കെ. ബാവ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ഡിപ്പോയിൽനിന്നും ഓപ്പറേറ്റ് ചെയ്യുന്ന ബസ് സർവ്വീസുകൾ ഏതൊക്കെയാണ്;

(ബി) നിർത്തലാക്കിയ സർവ്വീസുകൾ പുനഃസ്ഥാപിക്കുന്നതിന് ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഗുരുവായൂർ ഡിപ്പോയിൽനിന്നും പുതിയ ബസ് സർവ്വീസുകൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്ന റൂട്ടുകൾ ഏതൊക്കെയെന്ന് അറിയിക്കാമോ; അവ എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഗുരുവായൂർ നിന്നും തിരുവനന്തപുരം, ചോറ്റാനിക്കര, കോയമ്പത്തൂർ, പളനി, പുനലൂർ, കൊട്ടാരക്കര, കായംകുളം, ആറൻമുള, തെക്കൻ ഗുരുവായൂർ, എറണാകുളം ജെട്ടി, തിരുനെല്ലി, കോഴിക്കോട്, പാലക്കാട്, എറണാകുളം, പട്ടാമ്പി, തിരുമാന്ധാംകുന്ന് എന്നിവിടങ്ങളിലേക്ക് ബസ് സർവ്വീസുകൾ ഉണ്ട്.

(ബി) വരുമാനം കുറവായ ചില സർവ്വീസുകൾ മുൻപ് നിറുത്തലാക്കിയിട്ടുണ്ട്. അവ പുനഃസ്ഥാപിക്കുവാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(സി) ഗുരുവായൂർ ഡിപ്പോയിൽനിന്നും നംപിക്കടവ് സർവ്വീസ് അടുത്ത കാലത്ത് തുടങ്ങിയിട്ടുണ്ട്. കൂടുതൽ സർവ്വീസുകളുടെ കാര്യം പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നു.

മാള ബ്ലോക്ക് ജംഗ്ഷനിൽ ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കാൻ നടപടി

61 [1386] *ശ്രീ. ടി. യു. രാധാകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാള നിയോജകമണ്ഡലത്തിലെ വെള്ളാങ്ങല്ലൂർ പഞ്ചായത്തിലെ ബ്ലോക്ക് ജംഗ്ഷൻ ബസ് സ്റ്റോപ്പിൽ ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly